


# പൊതുകുളങ്ങളിൽ മത്സ്യകൃഷിക്ക് മികച്ച അവസരം

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനപ്രകാരം വിശദമായ മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണ വകുപ്പ് 15/07/2020 ന് പുറത്തിറക്കിയിട്ടുമുണ്ട് (നം. ആർ.സി.4/149/2020/തസ്വഭവ). ഈ മാർഗ്ഗരേഖപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള പൊതുകുളങ്ങൾ/ജലാശയങ്ങൾ തദ്ദേശ ഭരണസമിതി തീരുമാനപ്രകാരം ലേലം ചെയ്യുകയോ പാട്ടത്തിന് നൽകുകയോ മത്സ്യകൃഷി നടത്താനായി നൽകാവുന്നതാണ്.

ഇപ്രകാരം മത്സ്യകൃഷി നടത്താൻ കഴിയുന്ന പൊതുകുളങ്ങൾ/ജലാശയങ്ങൾ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പ് സമഗ്രമായ സർവ്വേ നടത്തിക്കഴിഞ്ഞു. ഇപ്രകാരം കേരളത്തിലാകെ 7510 കുളങ്ങൾ മത്സ്യകൃഷിക്ക് യോജിച്ചതാണെന്ന് ഫിഷറീസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. 15/07/2020ന് നൽകിയ മുകളിൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം ഇതുവരെ 751 കുളങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിനോ ലേലത്തിനോ നൽകിയിരിക്കുന്നത്. ഇനിയും 6759 കുളങ്ങളിൽ കൂടി മത്സ്യകൃഷി ചെയ്യാൻ അവസരമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ പദ്ധതി മുൻകൈയെടുത്ത് നടപ്പാക്കാൻ കുടുംബശ്രീ തീരുമാനിച്ചിരിക്കുകയാണ്.

ഒരാഴ്ച്ചത്തെ പ്രത്യേക ക്യാമ്പെയ്നാണ് ഇതിനായി ഞങ്ങൾ ആസൂത്രണം ചെയ്യുന്നത്. ഓഗസ്റ്റ് 12 മുതൽ 19 വരെയുള്ള ഒരാഴ്ചകൊണ്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുമുള്ള ലഭ്യമായ കുളങ്ങളുടെ ലിസ്റ്റ് ഫിഷറീസ് വകുപ്പിൽ നിന്നെടുക്കുകയും

ഈ കുളങ്ങളുടെ സമീപത്തുള്ളതും മത്സ്യകൃഷി ചെയ്യാൻ താത്പര്യമുള്ളതുമായ അയൽക്കൂട്ടങ്ങളോടോ സംരംഭ സംഘങ്ങളോടോ കൃഷിസംഘങ്ങളോടോ ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കുകയും അവരെ പദ്ധതിയുടെ ഭാഗമാക്കി മത്സ്യകൃഷിയിലേക്ക് എത്തിക്കുകയും ചെയ്യും. ഓഗസ്റ്റ് 19ഓടെ ശേഷിക്കുന്ന 6759 കുളങ്ങളിലും മത്സ്യകൃഷി ചെയ്യാൻ ഏറ്റവും താത്പര്യമുള്ളവരും അനുയോജ്യരുമായ അയൽക്കൂട്ടാംഗങ്ങളെ കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വിശദാംശങ്ങൾ നൽകാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ രണ്ട് ദിവസങ്ങൾക്ക് മുമ്പ് ആരംഭിച്ച് കഴിഞ്ഞു. ഒരാഴ്ച്ചയ്ക്കുള്ളിൽ ഈ കുളങ്ങൾ മുഖേന പരമാവധി പേർക്ക് ഉപജീവനമാർഗ്ഗം ഒരുക്കി നൽകാനാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഈ സർക്കുലർ പ്രകാരം പൊതുകുളങ്ങൾ/ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വാർഷിക പെർമിറ്റ് സൗജന്യമായോ ഇളവുകൾ സഹിതമോ നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. ഇതിനാൽ തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കഴിഞ്ഞാൽ തദ്ദേശ സ്ഥാപനങ്ങളോട് ഈ പൊതുകുളങ്ങൾ/ജലാശയങ്ങൾ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് കൃഷിക്കായി നൽകാനുള്ള തീരുമാനമെടുക്കാൻ വേണ്ട പ്രവർത്തനങ്ങളാണ് ക്യാമ്പെയ്ന്റെ രണ്ടാംഘട്ടത്തിൽ നടത്തുക.

ഇതിന് സമാന്തരമായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഗുണഭോക്താക്കൾക്ക് മത്സ്യകൃഷിയിൽ പരിശീലനം നൽകാനും ലക്ഷ്യമിടുന്നു. മത്സ്യകൃഷി നടത്തി, ആറ് മാസം കൊണ്ട് ഒരു ലക്ഷം രൂപ വരെ വരുമാനം ലഭിക്കാനാകുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷി ചെയ്യുന്നത് മുഖേന ചുരുങ്ങിയത് 20,000 പേർക്കെങ്കിലും വരുമാനമാർഗ്ഗവും ലഭിക്കും. ഇത് കൂടാതെ പൊതുകുളങ്ങൾ/ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും അവയുടെ സംരക്ഷണത്തിനും ഈ പദ്ധതി ഉപകാരപ്പെടുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.